# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1235</u> <u>15.06.2012 -ലെ മറുപടിയ്ക്ക്</u>

### ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (ബി. പി. ഒ) നിയമനം കേന്ദ്ര ആക്ടിൽ പറഞ്ഞത് പ്രകാരം നടത്തിയിട്ടുണ്ടോ; | (എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് വയനാട് ജില്ലയിൽ 3 ബ്ലോക്ക് പഞ്ചായത്തുകളിലും പാലക്കാട് ജില്ലയിൽ 13 ബ്ലോക്ക് പഞ്ചായത്തുകളിലും ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ശേഷിക്കുന്ന 136 പഞ്ചായത്തുകളിൽ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാർക്ക് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ അധികച്ചുമതല നൽകിയിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ